# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3050      15-12-2015 -ൽ മറുപടിക്ക്

## മുല്ലപ്പെരിയാർ ഡാമിലെ ഉയർന്ന ജലനിരപ്പ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.കെ.ജയചന്ദ്രൻ | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനാൽ ജലനിരപ്പിൽ ആശങ്ക ഉണ്ടായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നല്കാമോ; | എ) | ഉണ്ട്, മുല്ലപ്പെരിയാർ ഡാമിലെ ജലം തുറന്നുവിടേണ്ട സാഹചര്യം ഉണ്ടാകുമ്പോൾ എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ഉണ്ടാകാൻ ഇടയായാൽ ജനങ്ങളെ സംരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുന്നതിനും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ടി പ്രദേശത്തെ പല മേഖലകളായി തിരിച്ച് സർവ്വെ ചെയ്ത് സംരക്ഷിത സ്ഥാനങ്ങളുടെയും റോഡുകളുടെയും സ്ഥാനങ്ങൾ രേഖപ്പെടുത്തിയ മാപ്പുകളും ജനങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും വീടുകളുടെയും വിശദമായ കണക്കുകളും ലൊക്കേഷനുകളും ശേഖരിച്ച് വച്ചിട്ടുള്ളതാണ്.<br>ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിന് പൊതുജനങ്ങൾ/ ജനപ്രതിനിധികളിൽ നിന്നും ഒരാൾ കൺവീനർ ആയും. വില്ലേജ് ഓഫീസർ ഫെസിലിറ്റേറ്ററായും തദ്ദേശ വാസികളെ ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്. അവരുടെ ഇടയിൽ ബോധവൽക്കരണവും കൗൺസിലിംഗ്/ പാലിയേറ്റീവ് നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ച് എന്തെങ്കിലും അപകടമുണ്ടായാൽ ജലം ഉയർന്നെത്താവുന്ന പരമാവധി ഉയരം നിർണ്ണയിച്ച് ഭൂമിയിൽ അടയാളപ്പെടുത്തി യിട്ടുണ്ട്. പ്രസ്തുത മേഖലകളിൽ വസിക്കുന്ന മുഴുവൻ ജനങ്ങളുടെയും വിശദാംശങ്ങളും സ്ഥാവര ജംഗമ വസ്തുക്കളുടെ വിവരശേഖരണവും നടത്തി ഭൂവിവര സാങ്കേതിക വിദ്യയിൽ ക്രോഡീകരിച്ച് ദുരന്ത പ്രതികരണത്തിന് ചുമതലയുള്ള വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത മേഖലയിലെ ചെറു ഭൂചലനങ്ങൾ നിരീക്ഷിക്കുന്നതിന് ഡിജിറ്റൽ ഭൂകമ്പ മാപിനികളുടെ ഒരു ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. ടി പ്രദേശത്ത് 2104 തദ്ദേശ വാളണ്ടിയർമാരെ പരിശീലിപ്പിച്ച് സജ്ജരാക്കിയിട്ടുണ്ട്. 6 ഗ്രാമപഞ്ചായത്തുകളിൽ ഗ്രാമ പഞ്ചായത്ത് ദുരന്ത നിവാരണ കമ്മിറ്റികൾ |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുകയും പ്രദേശത്തെ വിദ്യാലയങ്ങളിൽ കുട്ടികളുടെ ആശങ്ക ദൂരീകരിക്കുന്നതിനായി കൗൺസിലിംഗ് നടത്തുകയും ഇടുക്കി ജില്ലയിലെ റവന്യൂ ഉദ്യോഗസ്ഥർക്കായി അടിയന്തിരഘട്ട പ്രവർത്തന പരിശീലനം നടത്തുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ജല നിരപ്പ് 137.8 അടിയിൽ എത്തിയപ്പോൾ ജനപ്രതിനിധികളുടെയും വകുപ്പുകളുടെയും യോഗം വിളിച്ച് ചേർക്കുകയും പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾക്ക് വിധേയമായി പ്രദേശത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത പ്രവർത്തനത്തിന്റെ അവലോകനം 5/12/2015ലും 7/12/2015നും നടത്തുകയുമുണ്ടായി. |
| ബി) | അപകട സാഹചര്യത്തിൽ പ്രദേശത്തെ വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെടുന്നതിനാൽ പ്രദേശത്ത് വെളിച്ചം, സൈറൺ, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങിയവ എപ്രകാരം പ്രവർത്തിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ; | ബി) | അപകട സാഹചര്യമുണ്ടായാൽ പ്രദേശത്ത് വെളിച്ചം, സൈറൺ, ടെലികമ്മ്യൂണിക്കേഷൻ തുടങ്ങിയവക്ക് തകരാറ് ഉണ്ടാകാൻ പാടുള്ളതല്ല എന്ന് KSEBക്കും BSNL നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ANERT ന്റെ സഹകരണത്തോടെ സോളാർ LED ബൾബുകളും, പോലീസ്/റവന്യൂ വകുപ്പുകൾ മുഖാന്തിരം പബ്ലിക്ക് അഡ്രസ്സ് സിസ്റ്റവും ടെലികമ്മ്യൂണിക്കേഷന് ഹാം റേഡിയോയുടെ പ്രവർത്തനവും ക്രമീകരിച്ചിട്ടുണ്ട്. |
| സി) | അടഞ്ഞുകിടക്കുന്ന എസ്റ്റേറ്റ് വഴികൾ 24 മണിക്കൂറും തുറന്നിടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; | സി) | അടഞ്ഞുകിടക്കുന്ന എസ്റ്റേറ്റ് വഴികൾ 24 മണിക്കൂറും തുറന്ന കൊടുക്കണമെന്ന് കാണിച്ച് എസ്റ്റേറ്റ് അധികാരികൾക്ക് പീരുമേട് തഹസിൽദാർ മുഖേന നോട്ടീസും, ജാഗ്രതാ നിർദ്ദേശവും നൽകിയിട്ടുണ്ട്. ആയതിലേക്ക് ആവശ്യമായ ഉറപ്പും ലഭിച്ചിട്ടുണ്ട്. |
| ഡി) | ദ്രുതകർമ്മസേനയുടെ സേവനം എല്ലായിടത്തും ലഭ്യമാക്കിയിട്ടുണ്ടോ; | ഡി) | ഉണ്ട്. |
| ഇ) | പ്രദേശം ഉൾപ്പെടുന്ന പഞ്ചായത്തുകൾക്ക് അടിയന്തര സാഹചര്യം നേരിടുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോ? | ഇ) | മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റിന്റെ കീഴിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനായി 10 ലക്ഷം രൂപ ഇടുക്കി ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ